# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3023 — 22.6.2012-ൽ മറുപടിയ്ക്ക്

കേര കൃഷിയുടെയും വ്യവസായത്തിന്റെയും വികസനം

| *ചോദ്യം* | | *മറുപടി* | |
|---|---|---|---|
| ശ്രീ.ജോസ് തെറ്റയിൽ | | **ശ്രീ . കെ.പി.മോഹനൻ** (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ കേര കൃഷിയുടെയും വ്യവസായത്തിന്റെയും വികസനത്തിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (ബി) | നാളികേര കൃഷിയിൽ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരശ്രീ പദ്ധതി 2012-13 വർഷം സംസ്ഥാനത്തെ 7 ജില്ലകളിൽ 784 ക്ലസ്റ്ററുകളിലൂടെ 19600 ഹെക്ടറിൽ പുതുതായി ശാസ്ത്രീയ പരിചരണ മുറകൾ അനുവർത്തിക്കുന്നതാണ്. കുട്ടനാട് പാക്കേജ് ഇടുക്കി പാക്കേജ് എന്നിവയിലും തെങ്ങ് കൃഷി വികസന പദ്ധതികൾ നടപ്പിലാക്കുന്നു. കൂടാതെ സംയോജിത നാളികേര വികസന പദ്ധതി, തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി, ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ വിതരണം എന്നിവയും നടപ്പിലാക്കി വരുന്നു.<br>കൊപ്ര സംസ്ക്കരിച്ച് വെളിച്ചെണ്ണ ഉൽപാദിപ്പിക്കുന്ന രണ്ട് കൊപ്ര മില്ലുകൾ കേര ഫെഡിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഭക്ഷ്യ ഉൽപന്നങ്ങളായ ഡെസിക്കേറ്റഡ് നാളികേരം, നാളികേര ക്രീം, പാൽ തുടങ്ങിയവ ഉൽപാദിപ്പിക്കാവുന്ന ഒരു യൂണിറ്റും കരുനാഗപ്പള്ളിയിൽ സ്ഥാപിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**